Janayugom 27-12-18, p-02

# വൈഗ ഇന്ന് തിരിതെളിയും
# ഇനി കൃഷിയുടെ പൂരക്കാഴ്ച

തൃശൂർ: കൃഷിവകുപ്പു സംഘടിപ്പിക്കുന്ന മൂന്നാമത് അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും വൈഗ ഇന്ന് മുതൽ 30 വരെ തേക്കിൻകാട് മൈതാനത്തു നടക്കും. ഇന്ന് രാവിലെ 10ന് കേരള ഗവർണർ ജസ്റ്റിസ്(റിട്ട) പി.സദാശിവം ശിൽപശാല ഉദ്ഘാടനം ചെയ്യും.

ന തുടർന്ന് നാല് ദിവസങ്ങളിലായി മൂന്നുവേദികളിൽ വ്യത്യസ്തങ്ങളായ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും ചർച്ചകളും നടക്കും. പുനർജ്ജനി, പ്രതീക്ഷ, പ്രകൃതി എന്നി പേരിട്ടിരിക്കുന്ന 3 വേദികളിലായാണ് വിഷയാവതരണങ്ങൾ നടക്കുക. ശില്പശാലയുടെ സമാപനം ഡിസം.30ന് രാവിലെ 10ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. അതോടൊപ്പം തന്നെ കർഷകദിനത്തിന് മാറ്റിവെയ്ക്കപ്പെട്ട സംസ്ഥാന കർഷക അവാർഡ്ദാനച്ചടങ്ങും നടത്തും. കൂടാതെ ഫാം ഇൻഫർമേഷൻ ബ്യൂറോ വൈഗയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച വിവിധ മത്സരവിജയികൾക്കുള്ള സമ്മാനദാനം, കൃഷിവകുപ്പിന്റെ നവീകരിച്ച വെബ്സൈറ്റ് ഠഠഠ.സ മൃവെശസമസല്യമഹമാ.ഴീ.ശി ഉദ്ഘാടനം എന്നിവയും സമാപനച്ചടങ്ങിൽ നടക്കും. വിവിധ ദിവസങ്ങളിലായി മന്ത്രിമാരായ എ.സി.മൊയ്തീൻ, കെ.രാജു, പ്രൊഫ.സി.രവീന്ദ്രനാഥ്, ഡോ.ടി.എം.തോമസ് ഐസക്ക് എന്നിവർ ശില്പശാലയിൽ പങ്കെടുക്കും.

ഇത്തവണത്തെ വൈഗയുടെ പ്രധാന വിഷയങ്ങളായി തെരഞ്ഞെടുത്തിരിക്കുന്നത് റീബിൽഡ് കേരള അഥവാ പുനർജ്ജനി, പ്രധാന വിളകളായ സുഗന്ധവ്യഞ്ജനങ്ങൾ, പഴം-പച്ചക്കറികൾ, പുഷ്പകൃഷി എന്നിവയാണ്. ആദ്യ ദിവസത്തെ ഒരു വേദിയിലെ സെഷനുകൾ പൂർണ്ണമായി റീബിൽഡ് കേരള എന്ന വിഷയത്തെ ആസ്പദമാക്കിയാണ്. വെസ്റ്റേൺ ആസ്ട്രേലിയ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഡോ.കദംബോട്ട് സിദ്ദിഖ് ഈ വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തും. കൃഷി ഉന്നതിമേളയുമായി ബന്ധപ്പെട്ട് മത്സ്യകൃഷി, മൃഗസംരക്ഷണം, ഹോർട്ടികൾച്ചർ എന്നീ മേഖലയിലെ മൂല്യവർദ്ധിത സാധ്യതകളെക്കുറിച്ചും വിഷയാവതരണങ്ങൾ ഉണ്ടായിരിക്കും. ഇതുകൂടാതെ എക്സ്പോർട്ട് ഓറിയന്റഡ് ക്വാളിറ്റി മാനേജ്മെന്റ്,പാക്കേജിംഗ് മാർക്കറ്റിംഗ് സുരക്ഷാമാനദണ്ഡങ്ങൾ, നൂതന സാങ്കേതികവിദ്യകൾ തുടങ്ങി ഉല്പന്ന സംസ്ക്കരണത്തിന്റെ വിവിധ ഘട്ടങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടിയുള്ള സെഷനുകൾ ഇതിന്റെ ഭാഗമായുണ്ടാകും. ഇന്തോനേഷ്യ, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ നിന്നും വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ നിന്നുമുള്ള വിദഗ്ധർ ശില്പശാലയിലും പ്രദർശനത്തിലുമായി പങ്കെടുക്കും. എപിഇഡിഎ, സിപിസിആർഐ, സിടിസിആർഐ, കെഎയു(കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി), എൻആർസിബി(നാഷണൽ റിസർച്ച് സെന്റർ ഫോർ ബനാന), ഐഐഎഫ്പിടി, തഞ്ചാവൂർ(ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംഗ് ടെക്നോളജി), സിഐഎഫ്ടി, ഐസിആർഐഎസ്എടി, ഐഐഎച്ച്ആർ, ഐഐഎസ്ആർ തുടങ്ങി വിവിധ സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞൻ, വിദഗ്ധർ എന്നിവർ വിവിധ സെഷനുകളിൽ പങ്കെടുക്കും. വൈഗ സമാപന സമ്മേളനത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ 2017-18 വർഷത്തെ ഗവേഷണഫലങ്ങളുടെ പ്രകാശനം ഉണ്ടായിരിക്കും. സർവകലാശാല വികസിപ്പിച്ചെടുത്ത നൂതന സാങ്കേതിക വിദ്യകളുടെ കൈമാറ്റവും വേദിയിൽ നടത്തും.



ഇന്ന് നടക്കുന്ന വൈഗയുടെ ഒരുക്കങ്ങളിൽ നിന്ന്

കൃഷിവകുപ്പ്, അനുബന്ധ സ്ഥാപനങ്ങളായ എസ്എച്ച്എം, വി.എഫ്പിസികെ, ഹോർട്ടികോർപ്പ്, സമേതി, എസ്എഫ്എസി, ഫാം ഇൻഫർമേഷൻ ബ്യൂറോ, പൊതുമേഖലാ സ്ഥാപനങ്ങളായ കെയ്ക്കോ, കാംക്കോഎസ്എഫ്സികെ എന്നിവരാണ് മേളയുടെ പ്രധാന സഹായികളും സംഘാടകരും. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, എൻജിഒ, കർഷകർ, യുവകർഷകർ എന്നിവർ എക്സിബിഷനുകളിലും സെമിനാറുകളിലും ഭാഗമാകും. വിവിധ സെഷനുകൾക്ക് ഒപ്പമുള്ള കൃഷിഅനുഭവം പങ്കിടൽ വിജയകഥ വിഭാഗത്തിൽ യുവകർഷകർ, കർഷകസംരംഭകർ എന്നിവർ പങ്കെടുക്കും.

ശില്പശാലയിൽ ലഭിക്കുന്ന വരുമാനം മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകും. ഇത്തവണ പ്രവേശനത്തിന് ടിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്.

20രൂപയാണ് ടിക്കറ്റ് നിരക്ക്. വിദ്യാർത്ഥികൾക്ക് സ്കൂൾ മുഖാന്തിരം ലഭിക്കുന്ന സൗജന്യപാസിലൂടെ പ്രദർശനം കാണാം. ഗ്രീൻ പ്രോട്ടോകോൾ പാലിച്ചുകൊണ്ടാണ് മേള. വിവിധ കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ, ഫാർമർ പ്രൊഡ്യൂസർ, കമ്പനികൾ, ഐസിഎആർ, കെഎയു, എൻജിഒ എന്നിവരുടേതടക്കം 350 പ്രദർശന സ്റ്റാളുകളുണ്ട്.

സമാപനദിവസം കാർഷിക സർവകലാശാലയുടെ 2017-18ലെ ഗവേഷണ റിപ്പോർട്ട് പ്രകാശനം, സാങ്കേതികവിദ്യാ കൈമാറ്റം, കൃഷിവകുപ്പിന്റെ പുതിയ വെബ്സൈറ്റ് ഉദ്ഘാടനം, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ 2019 ഫാം ഗൈഡ് പ്രകാശനം, വൈഗ മത്സര വിജയികൾക്കുള്ള സമ്മാനദാനം എന്നിവയുണ്ടായിരിക്കും.